# ജില്ലാ കോടതി, മഞ്ചേരി

Office : 04832 766377
Fax : 04832 766513
E-mail : dscourtmanjeri@kerala.gov.in

## വിജ്ഞാപനം

**വിജ്ഞാപന തിയ്യതി:- 31-05-2025**
**നമ്പർ. A1-18383/2022/FTSC**

**അപേക്ഷ ലഭിക്കേണ്ട അവസാന തിയ്യതി 15-06-2025**
**വൈകുന്നേരം 5 മണി**

ജില്ലയിൽ നിലവിലുള്ള കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്ന പ്രത്യേക അതിവേഗകോടതികളിലെ താഴെ പറയുന്ന തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അർഹരായവരുടെ പട്ടിക തയാറാക്കുന്നുണ്ട്. ആയതിലേക്ക് സന്നദ്ധരും യോഗ്യതയുള്ളവരുമായ വ്യക്തികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

**വകുപ്പ് :-**

സിവിൽ ജുഡീഷ്യറി

**ഒഴിവുകളുടെ എണ്ണം:-**

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II | പ്രതീക്ഷിത ഒഴിവുകൾ |
| 2 | എൽ.ഡി ടൈപ്പിസ്റ്റ് /കമ്പ്യൂട്ടർ അസിസ്റ്റന്റ് | |
| 3 | ഓഫീസ് അറ്റൻഡന്റ്/ പ്യൂൺ | |

**യോഗ്യത:-**

1. അപേക്ഷകർ അവർ അപേക്ഷിക്കുന്ന തസ്തിക അല്ലെങ്കിൽ ഉയർന്ന തസ്തികയിൽ നിന്നോ കോടതികളിൽ നിന്നോ മറ്റു സർക്കാർ വകുപ്പുകളിൽ നിന്നോ വിരമിച്ചവരായിരിക്കണം
2. അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാകാൻ പാടില്ല
3. കോടതികളിൽ നിന്നും വിരമിച്ചവർക്ക് മുൻഗണനയുണ്ട്

**നിയമന രീതി :-**
നിയമനം തുടർച്ചയായി **179** ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് **62** വയസ്സ് പൂർത്തിയാകുന്നത് വരെയോ ഇവയിൽ ഏതാണോ ആദ്യം വരിക അതുവരെയായിരിക്കും അപേക്ഷകളുടെ സൂഷ്മ പരിശോധനയുടെയും , യോഗ്യതകളുടെയും, കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേക്കും തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് മുൻഗണനാ ക്രമത്തിലായിരിക്കും നിയമനം. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ കേരള സർവീസ് റൂൾ ഭാഗം 1, അനുബന്ധം 1 പ്രകാരവും 09-07-19 തിയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ (P)81/2019/ fin പ്രകാരവുമുള്ള സേവന വേതന വ്യവസ്ഥകൾ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമ്മത പത്രത്തിൽ സർക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

**നിയമനാധികാരി:-**

ജില്ലാ ജഡ്ജ്, മഞ്ചേരി

**അപേക്ഷിക്കേണ്ട വിധം:-**
യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ പൂർണ്ണമായ ബയോഡാറ്റ ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി വയസ്സ്, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **"ജില്ലാ ജഡ്ജ്, ജില്ലാ കോടതി,കോടതി സമുച്ചയം, കച്ചേരിപ്പടി, മഞ്ചേരി, മലപ്പുറം - 676121"** എന്ന വിലാസത്തിൽ **15-06-2025ന്** വൈകുന്നേരം 5 മണിക്ക് മുമ്പായി കിട്ടുന്ന വിധം നേരിട്ടോ തപാൽ മുഖേനെയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷ കവറിന് മുകളിൽ വിജ്ഞാപന നമ്പറും **"കരാർ നിയമനത്തിനുള്ള അപേക്ഷ "** എന്നും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. വിജ്ഞാപന-ത്തിന്റെ വിശദ വിവരങ്ങളും അപേക്ഷയുടെ മാതൃകയും ജില്ലാ കോടതിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ **(https://malappuram.dcourts.gov.in)** **'Notification'** ലിങ്കിൽ ലഭ്യമാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ജില്ലാകോടതി, മഞ്ചേരി
30-05-2025

**(ഉത്തരവിൻ പ്രകാരം)**

**ശിരസ്തദാർ**

# അപേക്ഷ ഫോറം

(കുട്ടികൾക്കെതിരായ ലൈംഗീകാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗകോടതികളിൽ താത്കാലിക നിയമനത്തിനുള്ള അപേക്ഷ )

| | | | |
|---|---|---|---|
| Affix recent passport size photo | അപേക്ഷിക്കുന്ന തസ്തിക | തസ്തിക | ☑ |
| | | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II | |
| | | കമ്പ്യൂട്ടർ അസിസ്റ്റന്റ്/ എൽ.ഡി.ടൈപ്പിസ്റ്റ് | |
| | | ഓഫീസ് അറ്റൻഡന്റ്/ പ്യൂൺ | |

| | |
|---|---|
| അപേക്ഷകന്റെ/അപേക്ഷകയുടെ പേര്<br>(മലയാളത്തിൽ)<br>(ഇംഗ്ലീഷിൽ, വലിയക്ഷരത്തിൽ) | |
| വയസ്സ്, ജനന തിയ്യതി | |
| വിരമിച്ച തിയ്യതി, പി.പി.ഒ നമ്പർ, വിരമിച്ച തസ്തിക | |
| വിദ്യഭ്യാസ യോഗ്യത | |
| സ്ഥിരം മേൽവിലാസം | ഫോൺ നമ്പർ |
| ഇപ്പോഴത്തെ മേൽവിലാസം | ഫോൺ നമ്പർ |
| പ്രവർത്തി പരിചയം | |
| മറ്റ് യോഗ്യതകൾ | |

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ എല്ലാം തന്നെ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തിയ്യതി:

(ഒപ്പ്)